തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502,

നമ്പർ–899/2025/ ബി–2/അഡ്മിൻ തിയ്യതി – 08-07-2025

ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള പൊതു നിർദ്ദേശങ്ങൾ

1– ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സർവകലാശാല മെയിൻ ക്യാമ്പസിൽ (അക്ഷരം ക്യാമ്പസ്) താഴെ കൊടുത്ത സമയക്രമപ്രകാരം നടക്കുന്നതാണ്.

ദിവസം	സമയം	ഹാജരാകേണ്ട വിദ്യാർത്ഥികൾ
15-07-2025 (ചൊവ്വ)	രാവിലെ 10.00 മണി	റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ

2– വെയ്റ്റിങ് ലിസ്റ്റിലുള്ള വിദ്യാർഥികളുടെ പ്രവേശന നടപടി പിന്നീട് അറിയിക്കുന്നതാണ്.

3– വിദ്യാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുള്ളത് എന്നുള്ളതിനാൽ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഏതെങ്കിലും രേഖകൾ ഹാജരാക്കാതെ വന്നാലോ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ തെറ്റായിരുന്നാലോ പ്രവേശനം അനുവദിക്കുന്നതല്ല.

4– പ്രവേശന സമയത്ത് താഴെ കൊടുത്ത സർട്ടിഫിക്കറ്റുകളുടെ അസ്സലും ഒരു സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്. പ്രവേശനത്തിന് ഹാജരാകുന്ന സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാതിരുന്നാലോ, മതിയായ ഫീസ് അടയ്ക്കാതിരുന്നാലോ പ്രവേശനം അനുവദിക്കുന്നതല്ല.

<table>
<tr><td>1</td><td colspan="2">എസ് എസ് എൽ സി (SSLC) സർട്ടിഫിക്കറ്റ്</td><td rowspan="7">എല്ലാ വിഭാഗക്കാരും നിർബന്ധമായും ഹാജരാക്കേണ്ടതാണ്.</td></tr>
<tr><td>2</td><td colspan="2">ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്</td></tr>
<tr><td>3</td><td rowspan="2">ബിരുദ കോഴ്സിന്റെ</td><td>കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്</td></tr>
<tr><td>4</td><td>പ്രൊവിഷനൽ / ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്</td></tr>
<tr><td>5</td><td colspan="2">വിടുതൽ സർട്ടിഫിക്കറ്റ് (TC)</td></tr>
<tr><td>6</td><td colspan="2">സ്വഭാവ സർട്ടിഫികറ്റ് (Conduct Certificate)</td></tr>
<tr><td>7</td><td colspan="2">ആധാർ കാർഡിന്റെ പകർപ്പ്</td></tr>
<tr><td>8</td><td colspan="2">നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്</td><td>സംവരണവിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ മാത്രം</td></tr>
<tr><td>9</td><td colspan="2">ജാതി സർട്ടിഫിക്കറ്റ്</td><td rowspan="2">വയസ്സിളവിന് അർഹതയുള്ളർ മാത്രം</td></tr>
<tr><td>10</td><td colspan="2">ഭിന്നശേഷി സർട്ടിഫിക്കറ്റ്</td></tr>
<tr><td>11</td><td colspan="2">തുല്യതാ സർട്ടിഫിക്കറ്റ്</td><td>ബിരുദം കേരളത്തിനു പുറത്തുനിന്നുള്ള സർവ്വകലാശാലയിൽ നിന്നാണെങ്കിൽ മാത്രം</td></tr>
<tr><td>12</td><td colspan="2">ഫോറം – 1, 2, 3,4 (ആവശ്യമായവ)</td><td>ഫോറങ്ങൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്</td></tr>
</table>

5– സംവരണവിഭാഗത്തിൽ പ്രവേശനം നേടുന്ന **[പട്ടിക ജാതി /പട്ടിക വർഗ്ഗം/ ഇ ഡബ്ല്യു എസ് എന്നിവ ഒഴികെയുള്ള]** വിദ്യാർത്ഥികൾ വില്ലേജ് ഓഫീസറിൽ നിന്നുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

6– **പട്ടികജാതി / പട്ടികവർഗ്ഗ** വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7– **ഇ ഡബ്ല്യു എസ് (EWS)** വിഭാഗത്തിലേക്കു പരിഗണിക്കപ്പെടുന്നതിന്, ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന, നിശ്ചിതമാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8– **ഭിന്നശേഷി**വിഭാഗത്തിലേക്കു പരിഗണിക്കപ്പെടണമെങ്കിൽ വിദ്യാർഥി യുണീക് ഡിസബിലിറ്റി ഐഡൻഡിറ്റി കാർഡ് (UDID) അല്ലെങ്കിൽ 40% ത്തിൽ കുറയാത്ത ഡിസബിലിറ്റി രേഖപ്പെടുത്തിയതായി മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡിസബിലിറ്റി ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് സർട്ടിഫികറ്റിൽ/ കാർഡിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കണം

9– എല്ലാ വിദ്യാർഥികളും **എ ബി സി (ABC) / അപാർ (APAAR) ഐഡി** നമ്പർ എടുക്കേണ്ടതും ആയത് ഫോറം –1 ൽ രേഖപ്പെടുത്തേണ്ടതുമാണ്.

10– വിദ്യാർഥികൾ ഹാജരാക്കുന്ന **സ്വഭാവസർട്ടിഫിക്കറ്റ്** അവർ അവസാനം പഠിച്ച സ്ഥാപനത്തിൽ (ടി സി നൽകുന്ന) നിന്നുള്ളതായിരിക്കണം. വിദൂരവിദ്യാഭ്യാസം വഴി പഠനം പൂർത്തിയാക്കിയവർ, പഠനം അവസാനിപ്പിച്ചിട്ട് മൂന്നു വർഷത്തിൽ കൂടുതലായവർ എന്നിവർ ഗസറ്റഡ് ഓഫീസറിൽ നിന്ന് ആറു മാസത്തിനുള്ളിൽ വാങ്ങിയിട്ടുള്ള സ്വഭാവസർട്ടിഫിക്കറ്റു കൂടി സമർപ്പിക്കണം.

11– പ്രവേശന സമയത്ത് വിദ്യാർത്ഥികൾ ഫീസ് പൂർണ്ണമായും അടയ്ക്കേണ്ടതുമാണ്.

വിഭാഗം	ഫീസ് ഇനം		തുക	
പട്ടികജാതി/പട്ടിക വർഗ്ഗം/ഒ ഇ സി /ഒ ബി എച്ച് വിഭാഗത്തിൽ പെട്ടവർ	സുരക്ഷാനിക്ഷേപം (ജനറൽ)		555	**ആകെ – 2,050**
	സുരക്ഷാനിക്ഷേപം (ലൈബ്രറി)		555	
	പൂർവ്വ വിദ്യാർഥി അംഗത്വ ഫീസ്		110	
	അധ്യാപക രക്ഷാകർതൃ സംഘടന (പി ടി എ)		830	
മറ്റുള്ളവർ	രജിസ്ട്രേഷൻ ഫീസ്		555	**ആകെ – 4,370**
	അദ്ധ്യയന ഫീസ് (സെമെസ്റ്റർ)		1,105	
	മാഗസിൻ ഫീ		220	
	സർവകലാശാലാ യൂണിയൻ ഫീസ്		220	
	പൂർവ്വ വിദ്യാർഥി അംഗത്വ ഫീസ്		110	
	ലൈബ്രറി ഫീ (വാർഷികം)		220	
	സുരക്ഷാനിക്ഷേപം	ലൈബ്രറി	555	
	സുരക്ഷാനിക്ഷേപം	ജനറൽ	555	
	അധ്യാപക രക്ഷാകർതൃ സംഘടന (പി ടി എ)		830	

[ഒപ്പ്]
പ്രൊഫ (ഡോ) കെ എം ഭരതൻ
രജിസ്ട്രാർ ഇൻ ചാർജ്ജ്

അഡ്മിഷൻ നമ്പർ	

1

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502

വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ

പേര്	ഇംഗ്ലീഷ് (വലിയ അക്ഷരത്തിൽ)			
	മലയാളത്തിൽ			
ജനന തീയതി			ലിംഗം	സ്ത്രീ/ പുരുഷൻ/മറ്റുള്ളവ
മതം			ജാതി	
ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണോ?				
ആണെങ്കിൽ വിശദാംശങ്ങൾ				
ആധാർ നമ്പർ			രക്ത ഗ്രൂപ്പ്	
ABC / APAAR ഐ ഡി നമ്പർ				
അഡ്രസ്സ് (ജില്ലയും പിൻകോഡും ഉൾപ്പെടെ)	ഇംഗ്ലീഷ് (വലിയ അക്ഷരത്തിൽ)			
	മലയാളത്തിൽ			
മൊബൈൽ നമ്പർ				
ഇ മെയിൽ				
പ്രവേശനം നേടിയ പ്രോഗ്രാം				
അച്ഛന്റെ പേര്				
അമ്മയുടെ പേര്				
രക്ഷിതാവിന്റെ	പേര്			
	ബന്ധം		മൊബൈൽ നമ്പർ	

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല - പ്രവേശനം 2025

<table>
<tr><td colspan="2">അവസാനം പഠിച്ച സ്ഥാപനം</td><td colspan="3"></td></tr>
<tr><td colspan="2">അവസാനം പഠിച്ച പ്രോഗ്രാം</td><td colspan="3"></td></tr>
<tr><td rowspan="4">അടിസ്ഥാന യോഗ്യത

[ബിരുദം]</td><td>ബിരുദം</td><td colspan="3"></td></tr>
<tr><td>ജയിച്ച വർഷം</td><td></td><td>രജിസ്റ്റർ നമ്പർ</td><td></td></tr>
<tr><td>മാർക്ക് /ഗ്രേഡ്/സി ജി പി എ</td><td></td><td>ശതമാനം</td><td></td></tr>
<tr><td>സർവകലാശാല</td><td colspan="3"></td></tr>
<tr><td colspan="2">ജയിച്ചിട്ടുള്ള മറ്റു കോഴ്സുകളുടെ വിവരങ്ങൾ

[കോഴ്സിന്റെ പേര്, വർഷം, സ്ഥാപനം എന്ന ക്രമത്തിൽ]</td><td colspan="3"></td></tr>
<tr><td colspan="2">ഹോസ്റ്റൽ സൗകര്യം ആവശ്യമുണ്ടോ?</td><td></td><td colspan="2">ആവശ്യമുണ്ടെങ്കിൽ ഫോറം നമ്പർ 3,4 എന്നിവ ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്</td></tr>
<tr><td colspan="2">വിദ്യാർഥിയുടെ കൈയ്യൊപ്പ്

(സ്കാൻ ചെയ്യുന്നതിനായി കറുത്ത മഷിയിൽ)
→</td><td colspan="2">ഒപ്പ് ↓</td><td>പാസ്സ്പോർട്ട് സൈസ് കളർ ഫോട്ടോ ഇവിടെ പതിക്കുക</td></tr>
</table>

മേൽ കൊടുത്തിരിക്കുന്ന എല്ലാ വസ്തുതകളും പൂർണ്ണമായും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. ഞാൻ ഒന്നിലധികം ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ (റഗുലർ രീതിയിൽ) പൂർത്തിയാക്കിയിട്ടില്ലെന്നും സർവകലാശാലയുടെ പൊതു നിയമാവലി അനുസരിക്കാൻ ബാധ്യസ്ഥനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പേര്:

ഒപ്പ്:

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല -പ്രവേശനം 2025

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാള സർവ്വകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502

2

സത്യപ്രസ്താവന

1– -- എന്ന ഞാൻ, മദ്യം, മയക്കുമരുന്ന് എന്നിവ ക്യാമ്പസിലോ ഹോസ്റ്റലിലോ ഉപയോഗിക്കുകയോ അവയുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നതല്ല. നിയമവിരുദ്ധമായി മദ്യം, മയക്കുമരുന്ന് എന്നിവ കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണെന്നും, ഹോസ്റ്റലിൽ നിന്നും സർവകലാശാലയിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും ഞാൻ മനസ്സിലാക്കുകയും അത്തരം കുറ്റകൃത്യങ്ങളിൽ ഇടപ്പെടുകയില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

2– മലയാളസർവകാലശാല പിന്തുടരുന്ന പരിസരശുചിത്വത്തിന്റെയും അച്ചടക്കത്തിന്റെയും ഉന്നത നിലവാരം ഞാൻ പരിപാലിക്കുമെന്നും, ക്ലാസ്സിലും ക്യാമ്പസ്സിലും ചപ്പുചവറുകൾ അലക്ഷ്യമായി നിക്ഷേപിക്കില്ലെന്നും, പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ അവയ്ക്കായി മാറ്റി വച്ചിട്ടുള്ള ബോർഡുകളിലല്ലാതെ പതിക്കുകയില്ലെന്നും കെട്ടിടങ്ങളിലെ ചുമരുകളിലോ മതിലുകളിലോ ജനാലകളിലോ വാതിലുകളിലോ യാതൊരു കാരണവശാലും അവ പതിക്കുന്നതല്ലെന്നും അനധികൃത ഇടങ്ങളിൽ പതിക്കുന്ന പോസറ്ററുകളും മറ്റും നീക്കം ചെയ്യുന്നതിന് സർവകലാശാലക്ക് അധികാരമുണ്ടായിരിക്കുമെന്നും ഞാൻ മനസ്സിലാക്കുകയും ഇവ അംഗീകരിച്ചുകൊള്ളാമെന്ന് ഉറപ്പ് നല്കുകയും ചെയ്യുന്നു.

3– റാഗിങ് നിയമവിരുദ്ധമായ ഒരു ക്രിമിനൽ കുറ്റമാണെന്ന് എനിക്കറിയാം. മലയാളസർവകലാശാലയുടെ ക്യാമ്പസ്സിലും ഹോസ്റ്റലുകളിലും റാഗിങ് കർശനമായി നിരോധിച്ചിട്ടുള്ളതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. റാഗിങ് എന്ന കുറ്റകൃത്യത്തിൽ,പ്രത്യക്ഷമായോ പരോക്ഷമായോ ഏർപ്പെടുകയാണെങ്കിൽ സർവകലാശാലയിൽ നിന്നും പുറത്താക്കപ്പെടുന്നതിനോ, ക്രിമിനൽ നടപടിക്ക് വിധേയമാകുന്നതിനോ സാധ്യതയുണ്ടെന്നും ഞാൻ തിരിച്ചറിയുന്നു.

4– മറ്റൊരു വിദ്യാർഥിക്ക് ശാരീരികമായോ മാനസികമായോ ഉപദ്രവം ഉണ്ടാക്കുന്നതും, മാന്യതയ്ക്ക് നിരക്കാത്തതുമായ വാക്കോ പ്രവൃത്തിയോ എന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്നും, റാഗിങ് തടയുന്നതിനും അതിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും എനിക്ക് ഉത്തവാദിത്വമുണ്ടെന്നും ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.

തീയതി :

ഒപ്പ് :

പേര് :

വിലാസം :

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

തുഞ്ചത്ത് എഴുത്തച്ഛൻ

മലയാള സർവ്വകലാശാല

വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502

ഫോട്ടോ

3

ഹോസ്റ്റൽ പ്രവേശന അപേക്ഷ

വിദ്യാർഥിയുടെ പേര്		
ആൺ / പെൺ		
കോഴ്സ്		
വിലാസം		
മൊബൈൽ നമ്പർ		
രക്ഷിതാവിന്റെ	പേര്	
	മൊബൈൽ നമ്പർ	
വിദ്യാർഥിയെ ഹോസ്റ്റലിൽ സന്ദർശിക്കാൻ വരുന്നവരുടെ പേര്, ബന്ധം		1–
		2–
താമസ സ്ഥലത്ത് നിന്നും സർവകലാശാലയിലേക്കുള്ള ദൂരം		
മുൻഗണനക്ക് അർഹതയുണ്ടെങ്കിൽ എപ്രകാരം		പട്ടികജാതി / പട്ടികവർഗ്ഗം / സാമ്പത്തികമായി പിന്നോക്കം
അധാർ നമ്പർ		
ഹോസ്റ്റലിൽ നിന്നും സർവകലാശാലയിലേക്ക് ബസ് സൌകര്യം ആവശ്യമുണ്ടോ?		

സത്യപ്രസ്താവന

ഹോസ്റ്റൽ നിബന്ധനകളും നിയമങ്ങളും അനുസരിച്ചുകൊള്ളാമെന്ന് സമ്മതിക്കുന്നു. നിയമങ്ങൾ പാലിക്കാത്ത പക്ഷം തുടർന്നുള്ള ഹോസ്റ്റൽ താമസം അനുവദിക്കുന്നതല്ലഎന്നും സർവകലാശാല പ്രവേശനം ഹോസ്റ്റൽ പ്രവേശനത്തിനുള്ള മാനദണ്ഡമല്ല എന്നുമുള്ള കാര്യം എനിക്ക് അറിവുള്ളതാണ്.

വിദ്യാർഥിയുടെ ഒപ്പ്		രക്ഷിതാവിന്റെ ഒപ്പ്	

ഓഫീസ് ഉപയോഗത്തിന്

അഡ്മിഷൻ നമ്പർ: ഹോസ്റ്റൽ: റൂം നമ്പർ: ബെഡ് നമ്പർ:

ഹോസ്റ്റൽ വാടക: രശീതി നമ്പർ: തീയതി:

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

4

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാള സർവ്വകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502

സത്യപ്രസ്താവന

മലയാളസർവകലാശാല നടത്തി വരുന്ന ഹോസ്റ്റലിൽ പ്രവേശനം നേടിയ -- ------------------ എന്ന ഞാൻ, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന് പരിമിതികൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. ഹോസ്റ്റൽ ചട്ടങ്ങൾക്കും സമയക്രമത്തിനും വിധേയമായി പെരുമാറുമെന്നും ഹോസ്റ്റൽ മുറിയും പരിസരവും വൃത്തിയായി സൂക്ഷിക്കുമെന്നും, ചട്ടവിരുദ്ധമായ ഒരു നടപടിയിലും ഇടപ്പെടുകയില്ലെന്നും പരാതികൾ ഉള്ളപക്ഷം അവ വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ ശ്രമിക്കുമെന്നും, സർവകലശാലയുടെ അന്തസ്സിന് കോട്ടം വരാത്ത രീതിയിൽ എപ്പോഴും പെരുമാറുമെന്നും സത്യപ്രസ്താവന ചെയ്യുന്നു.

തീയതി :

ഒപ്പ് :

പേര് :

വിലാസം :

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല